compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 05
Tuesday, 05th May 2026

1201 മേടം 22
22nd Medam 1201

1948 വൈശാഖം 15
15th Vaisakha 1948

വാല്യം 15
Vol. XV

നമ്പർ
No. **18**

Part III

Agricultural University

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിലിലേക്ക് സർവകലാശാലയിലെ അദ്ധ്യാപകരിൽ നിന്ന് നാല് അംഗങ്ങളുടെയും, വിദ്യാർത്ഥികളിൽ നിന്ന് രണ്ട് അംഗങ്ങളുടെയും അനദ്ധ്യാപക വിഭാഗം ജീവനക്കാരിൽ നിന്ന് രണ്ട് അംഗങ്ങളുടെയും, സ്ഥിരം തൊഴിലാളികളിൽ നിന്ന് രണ്ട് അംഗങ്ങളുടെയും തിരഞ്ഞെടുപ്പ് [1971-ലെ കേരള കാർഷിക സർവകലാശാല നിയമത്തിലെ വകുപ്പ് -10-ൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (3), (4), (5), (6) ഇനങ്ങൾ അനുസരിച്ച്]

നം. KAUGA/1535/2026-GA-G1 04.05.2026

1971-ലെ കേരള കാർഷിക സർവകലാശാല ആക്റ്റ് വകുപ്പ് 11(1) പ്രകാരം സർവകലാശാല ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ട സാഹചര്യം സംജാതമാകയാൽ, കാർഷിക സർവകലാശാല നിയമത്തിലെ വകുപ്പ്-10-ൽ (2001-ലെ ആക്ട് 16 പ്രകാരം ഭേദഗതി ചെയ്യപ്പെട്ടത്) *തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ* എന്ന ശീർഷകത്തിന്റെ (3) മുതൽ (6) വരെ ഇനങ്ങളും കേരള കാർഷിക സർവകലാശാലയിലെ വിവിധ അധികാര സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച സ്റ്റാറ്റ്യൂട്ട് എസ്.ആർ.ഒ നമ്പർ 678/74-ലെ വ്യവസ്ഥകളും അടിസ്ഥാനമാക്കി കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിലിലേക്ക് സർവകലാശാലയിലെ അദ്ധ്യാപകരിൽ നിന്ന് നാല് അംഗങ്ങളെയും, സർവകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്ന് രണ്ട് അംഗങ്ങളെയും, സർവകലാശാലയിലെ അനദ്ധ്യാപക വിഭാഗം ജീവനക്കാരിൽ നിന്ന് രണ്ട് അംഗങ്ങളെയും, സർവകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്ന് രണ്ട് അംഗങ്ങളെയും തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ചുവടെ പേര് ചേർത്തിട്ടുള്ള വരണാധികാരിയായ ഞാൻ വിജ്ഞാപനം ചെയ്യുന്നതെന്തെന്നാൽ:

i) കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിലിലേക്ക് സർവകലാശാലയിലെ അദ്ധ്യാപകരിൽ നിന്ന് നാല് അംഗങ്ങളെയും, സർവകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്ന് രണ്ട് അംഗങ്ങളെയും, സർവകലാശാലയിലെ അനദ്ധ്യാപക വിഭാഗം ജീവനക്കാരിൽ നിന്ന് രണ്ട് അംഗങ്ങളെയും, സർവകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്ന് രണ്ട് അംഗങ്ങളെയും ആനുപാതിക പ്രാതിനിധ്യ തത്വമനുസ്സരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന തിരഞ്ഞെടുക്കുന്നതിനായി ബന്ധപ്പെട്ട നിയോജകഗണത്തിൽ നിന്ന് താഴെപ്പറയുന്ന പരിപാടി അനുസരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നതാണ്.

1	നാമനിർദ്ദേശ പത്രിക വരണാധികാരിക്ക് സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും	20.05.2026 (ബുധനാഴ്ച), വൈകുന്നേരം 5.00 മണി
2	നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്ന തീയതിയും സ്ഥലവും	22.05.2026 (വെള്ളിയാഴ്ച), പകൽ 11:30 മണി, കോൺഫറൻസ് ഹാൾ, സർവകലാശാല ഹെഡ്ക്വാർട്ടേഴ്സ്
3	സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി	22.05.2026 (വെള്ളിയാഴ്ച), വൈകുന്നേരം 5.00 മണി
4	സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും സമയവും	29.05.2026 (വെള്ളിയാഴ്ച), വൈകുന്നേരം 4.00 മണി
5	മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി	30.05.2026 (ശനിയാഴ്ച)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6	വോട്ടെടുപ്പ് തീയതിയും സമയവും	11.06.2026 (വ്യാഴാഴ്ച) (രാവിലെ 9:00 മണി മുതൽ ഉച്ചതിരിഞ്ഞ് 1:00 മണി വരെ)
7	വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകളുടെ സൂക്ഷ്മ പരിശോധനയും വോട്ടെണ്ണലും നടത്തുന്ന തീയതിയും സ്ഥലവും	15.06.2026 (തിങ്കളാഴ്ച) പകൽ 10 മണി, കോൺഫറൻസ് ഹാൾ, സർവകലാശാല ഹെഡ്ക്വാർട്ടേഴ്സ്

ii) 01.04.2026-ന് പ്രസിദ്ധീകരിച്ചതും അതിനെ തുടർന്ന് തിരുത്തലുകളും മറ്റും വരുത്തിയതുമായ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമേ അതത് വിഭാഗത്തിലെ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. തിരഞ്ഞെടുപ്പ് തീയതിയിക്ക് മുമ്പ് ഏതെങ്കിലും കാരണവശാൽ ബന്ധപ്പെട്ട വിഭാഗത്തിലെ അംഗത്വം നഷ്ടപ്പെടുന്നവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അർഹത ഇല്ലാതാകുന്നതാണ്.

iii) തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം സർവകലാശാല ഓഫീസുകൾ, കോളേജുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വച്ച് വോട്ടെടുപ്പ് നടത്തുന്നതാണ്. പോളിംഗ് സ്റ്റേഷനുകളുടെ പേര്, പോളിംഗ് പ്രദേശം, വോട്ടർമാർക്ക് അനുവദിച്ചിട്ടുള്ള പോളിംഗ് സ്റ്റേഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

iv) നാമനിർദ്ദേശത്തിനുള്ള ഫോറങ്ങൾ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ട അംഗങ്ങൾക്ക് വരണാധികാരിയായ രജിസ്ട്രാറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നാമനിർദ്ദേശത്തിനുള്ള നിർദ്ദിഷ്ട ഫോറത്തിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പത്രികകൾ സമർപ്പിക്കേണ്ടത്. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന കവറിനുപുറത്ത് "ജനറൽ കൗൺസിലിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രിക (വിഭാഗം : .....)" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

v) സ്ഥാനാർത്ഥിക്കും, സ്ഥാനാർത്ഥി രേഖാമൂലം ചുമതലപ്പെടുത്തിയതും വരണാധികാരിയുടെ അംഗീകാരം നേടിയതുമായ ഒരു പ്രതിനിധിക്കും നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

ഡോ. എ. സക്കീർ ഹുസൈൻ
റിട്ടേണിംഗ് ഓഫീസർ & രജിസ്ട്രാർ

വെള്ളാനിക്കര

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.05 03:36:25 +05:30